11. ശ്രദ്ധ ക്ഷണിക്കൽ

(1) ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധി

[9.30 A.M.] ശ്രീ. മത്തായി ചാക്കോ: സർ, മിനിഞ്ഞാന്ന് ഈ സഭയിൽ ഏകീകൃത സർവ്വകലാശാലാ നിയമം പിൻവലിച്ചുകൊണ്ടുള്ള ഒരു പ്രമേയം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കൊണ്ടുവരികയുണ്ടായി. ഏകീകൃത സർവ്വകലാശാലാ നിയമം ഇവിടെ കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈ സഭ തന്നെ എത്രയോ മണിക്കൂറുകളും ദിവസങ്ങളും ചർച്ചചെയ്യുകയുണ്ടായി. അന്ന് അതിന്റെ പ്രാധാന്യത്തെക്കുറിച്ച് വായ്തോരാതെ പ്രസംഗിച്ചിട്ടുള്ള ആളുകൾ ഒരു സുപ്രഭാതത്തിൽ അതൊന്നാകെ പിൻവലിച്ചുകൊണ്ട്, ഏകീകൃത സർവ്വകലാശാലാ നിയമത്തിന്റെ ഉള്ളടക്കത്തിൽ ഉൾപ്പെടുത്തിയിരുന്ന ജനാധിപത്യ വിരുദ്ധമായിട്ടുള്ള എല്ലാ നിയമങ്ങളേയും അതുപോലെ വച്ചുകൊണ്ട്, കൂടതുൽ വിദ്യാർത്ഥി വിരുദ്ധവും സർവ്വകലാശാലാ നിയമത്തിന് എതിരായിട്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുമുള്ള ഒരു ബില്ല് ഇന്നലെ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. സർവ്വകലാശാലകളുടെ നിലവിലുണ്ടായിരുന്ന ഭരണ സംവിധാനങ്ങളെ ആകെ പിരിച്ചുവിട്ടുകൊണ്ട്, പുതിയ നോമിനേഷനുകൾ അതിനിടയ്ക്കു കൊണ്ടുവന്നു. ഈ നോമിനേറ്റഡ് സിൻഡിക്കേറ്റുകൾ കണ്ണൂർ, കോഴിക്കോട് എം.ജി. സർവ്വകലാശാലകളിൽ നിലവിൽ വന്നതോടുകൂടി ആ സർവ്വകലാശാലകളുടെ അക്കാഡമിക് മേഖലകളും പരീക്ഷാ നടത്തിപ്പും ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും ആകെ കീഴ്മേൽ മറിഞ്ഞിരിക്കുന്നു. എല്ലാ സർവ്വകലാശാലകളിലും ഭരണ സമിതിയിലെ സിൻഡിക്കേറ്റുകളിൽ പരീക്ഷാ നടത്തിപ്പിനുവേണ്ടിയുള്ള ഒരു ചുമതലക്കാരൻ ഉണ്ടാകുന്നതു സ്വാഭാവികമായിരിക്കും. ഉദാഹരണത്തിന് കേരള സർവ്വകലാശാലയിൽ നോമിനേറ്റഡ് സിൻഡിക്കേറ്റിലെ ഒരാളുപോലും പരീക്ഷാ കൺവീനർ സ്ഥാനം ഏറ്റെടുക്കാൻ വേണ്ടി സന്നദ്ധമായിട്ടില്ല. അതിന്റെ ഭാഗമായി പ്രോ-വൈസ് ചാൻസിലറായിട്ടുള്ള പ്രൊഫ. കെവിൻ, ആ ചുമതല ഏറ്റെടുക്കേണ്ട അസാധാരണമായിട്ടുള്ള ഒരു സ്ഥിതി വിശേഷം വന്നിരിക്കുകയാണ്. സാധാരണ ഗതിയിൽ ജനുവരി, ഫെബ്രുവരി മാസങ്ങൾ പരീക്ഷാ നടത്തിപ്പിനു വേണ്ടിയുള്ള തയ്യാറെടുപ്പിന്റെ ആദ്യഘട്ടമാണ്. നിലവിലുണ്ടായിരുന്ന സിൻഡിക്കേറ്റുകൾ, കേരള സർവ്വകലാശാലയിലും കോഴിക്കോട് സർവ്വകലാശാലയിലും പരീക്ഷ നീണ്ടുപോകുന്ന അവസ്ഥാവിശേഷം ഒഴിവാക്കുന്നതിനുവേണ്ടി ഒരു പരീക്ഷാ കലണ്ടർ തന്നെ തയ്യാറാക്കിക്കഴിഞ്ഞു. ചരിത്രത്തിൽ ആദ്യമായിട്ടു മാർച്ചു മാസം ക്ളാസ്സുകഴിഞ്ഞ്, ഏപ്രിൽ, മേയ് മാസങ്ങളിലായി പരീക്ഷ നടത്തുന്ന ഒരു സംവിധാനത്തിലേക്കു തിരിച്ചുവന്നിരിക്കുന്നു. ഇന്നത്തെ സംവിധാനമാകെ തകർക്കുന്ന രൂപത്തിലേക്ക് ഈ നോമിനേറ്റഡ് സിൻഡിക്കേറ്റുകൾ വന്നിരിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുകേട്ടു, നോമിനേറ്റു ചെയ്യുന്ന ആളുകൾ ഈ മേഖലയിൽ വിദഗ്ദ്ധരായിരിക്കണമെന്നുള്ള കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന്. ഈ ഗവൺമെന്റ് താൽക്കാലികമാണെന്നു ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു. നോമിനേറ്റു ചെയ്തിട്ടുള്ള ആളുകളെക്കുറിച്ച്, വി. സി.-മാരായി നിയമിച്ച ആളുകളെ സംബന്ധിച്ചുള്ള പരാമർശത്തിലേക്കു ഞാൻ പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ നോമിനേറ്റു ചെയ്ത ആളുകൾക്ക് ഈ സർവ്വകലാശാല ഭരണവുമായിട്ട് ഏതെങ്കിലും തരത്തിൽ ബന്ധം വേണ്ടേ? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വളരെ ദയാലുവാണെന്ന് എനിക്കു മനസ്സിലായിട്ടുണ്ട്. കാരണം കഴിഞ്ഞ കാബിനറ്റിൽ ശ്രീമാൻ എ. കെ. ആന്റണിയുടെ മന്ത്രിസഭയിൽ ഉണ്ടായിരുന്ന ഒരു മന്ത്രിയുടെ ഭാര്യ, അവർ ഒരു കോളേജു പ്രൊഫസ്സറാണ്. അവരെ കേരള സർവ്വകലാശാലാ സിൻഡിക്കേറ്റിലേക്ക് നോമിനേറ്റു ചെയ്തത് വളരെ നല്ല കാര്യമാണ്. പണി പോയ മന്ത്രിക്ക് ഒരു സൗജന്യമെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി അത്രയും ചെയ്തിട്ടുണ്ട്. അതുപോലെ രണ്ടു നിയമസഭാംഗങ്ങളെ സിൻഡിക്കേറ്റിലേക്ക് നോമിനേറ്റു ചെയ്തിട്ടുണ്ട്. അതുപോലെ സംസ്കൃത സർവ്വകലാശാലകളിലേക്ക് നോമിനേറ്റു ചെയ്തിട്ടുള്ള ഒരു വിദഗ്ദ്ധൻ, ആർ. എസ്. ശശി എന്നു പറയുന്ന ഒരാൾ, കേരള സർവ്വകലാശാലയിലെ കോൺഗ്രസ്സ് യൂണിയന്റെ ജനറൽ സെക്രട്ടറിയാണ്. അതുപോലെ ഒരു അധ്യാപക സംഘടനയുടെ, ജി. സി. ടി. ഒ. യുടെ ജനറൽ സെക്രട്ടറി എ. ഷാജഹാനേയും അവിടേക്കു നോമിനേറ്റു ചെയ്തിരിക്കുകയാണ്. വീക്ഷണം രാധാകൃഷ്ണൻ എന്നു പേരുള്ള ഒരാളെ വി. സി. ആയി വച്ചു. അതിൽ ഞങ്ങൾക്കു വിരോധമില്ല. വീക്ഷണം പത്രത്തിൽ മുമ്പ് പ്രവർത്തിച്ച പൈതൃകമുണ്ടെന്ന നിലയ്ക്ക് വീക്ഷണം രാധാകൃഷ്ണൻ എന്നറിയപ്പെടുന്ന ഒരാളെ വി. സി. ആയിട്ടു വച്ചു. ഞാൻ അതിൽ ആക്ഷേപമൊന്നും പറയുന്നില്ല. ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ശ്രീ. നാലകത്തു സൂപ്പിയിൽ നിന്നും വ്യത്യസ്തമായിട്ടുള്ള ഒരു നിലപാട് സ്വീകരിക്കുമെന്ന് ഞങ്ങളെല്ലാം ആഗ്രഹിച്ചതാണ്. പക്ഷേ സ്കൂളിന്റെ ഭാരവാഹികളേയും അധ്യാപക സംഘടനകളുടെ ഭാരവാഹികളേയും ഇതുമായി ബന്ധമില്ലാത്തവരേയും തിക്കിനിറച്ചുകൊണ്ട്, സർവ്വകലാശാലകളുടെ പരീക്ഷാ സംവിധാനത്തെപ്പോലും പരിപൂർണ്ണമായി തകർത്തു കഴിഞ്ഞിരിക്കുകയാണ്. മാർച്ചു മാസം ക്ലാസ്സ് കഴിയുകയാണ്. പരീക്ഷാ നടത്തിപ്പിനു കമ്മിറ്റികളില്ല, എന്തു ചെയ്യണമെന്ന് അറിയില്ല, നാഥനില്ലാ കളരികളായിട്ട് സർവ്വകലാശാലകൾ മാറിയിരിക്കുകയാണ്. കേരളാ സർവ്വകലാശാലയിൽ പരീക്ഷാ നടത്തിപ്പിന്റെ ചുമതല ഏറ്റെടുക്കുന്നതിനുവേണ്ടി നോമിനേറ്റഡ് സിൻഡിക്കേറ്റിലെ ഒരാളും സന്നദ്ധമായില്ലെന്നു പറഞ്ഞത് ഏറ്റവും ദയനീയമായിട്ടുള്ള ഒരു അവസ്ഥയല്ലേ? പരീക്ഷാ സംവിധാനമാകെ തകിടം മറിക്കുന്ന ഒരു സ്ഥിതിവിശേഷം വന്നിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി തന്നെ പറയുകയാണ്, വിദേശ സർവ്വകലാശാലകളെ സ്വാഗതം ചെയ്യുമെന്ന്. കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയായിരുന്ന അജിത് ജോഗി ഭരിച്ച ഛത്തിസ്ഗഡിൽ 108 സർവ്വകലാശാലകൾ അനുവദിച്ചു. അതിൽ സുപ്രീംകോടതി ഇടപെട്ടു. ഇഷ്ടംപോലെ പണം വാങ്ങിച്ചു. പൈസ കൊടുക്കുന്നവർക്ക് ബിരുദങ്ങൾ കൊടുക്കുകയാണ് അവർ. രാജ്യത്ത് മുഴുവൻ ഇതിന്റെ ഫ്രാൻഞ്ചൈസ് തുടങ്ങി. അതിന്റെ ഭാഗമായി ഉണ്ടായ പ്രശ്നങ്ങളിൽ, ഇന്ത്യയുടെ ഏറ്റവും വലിയ നീതിപീഠം ആ സർവ്വകലാശാലകളുടെ ഭരണാനുമതി റദ്ദാക്കിയിട്ടുള്ള പശ്ചാത്തലത്തിൽ, കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രി പറയുകയാണ് അത്തരം സർവ്വകലാശാലകളേയും വിദേശ സർവ്വകലാശാലകളേയും ഈ കേരളത്തിലേക്ക് ക്ഷണിച്ചുവരുത്തുമെന്ന്. ഇവിടെ ലാഭക്കച്ചവടത്തിനുവേണ്ടിയുള്ള സെന്ററുകൾ തുറക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഇതു വളരെ ഉപരിപ്ലവമായി പറഞ്ഞുവെന്ന് ഞാൻ വിശ്വസിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ലോകവ്യാപാര സംഘടനയുടെ ഭാഗമായിട്ടുള്ള ഗാട്ട്സ്, ഉന്നത വിദ്യാഭ്യാസ രംഗത്ത് അവരുടെ കരാറുകൾ സംബന്ധിച്ച് ഇപ്പോൾ പരസ്യ പ്രഖ്യാപനവും നടത്തി. അതിന്റെ ഭാഗമായിട്ട് ഉന്നത വിദ്യാഭ്യാസത്തിന്റെ കയറ്റുമതിക്കും ഇറക്കുമതിക്കും വേണ്ടിയുള്ള റെഗുലേഷൻ അവർ പ്രഖ്യാപിച്ചു. അമേരിക്കയിലെ ഉന്നത വിദ്യാഭ്യാസകേന്ദ്രത്തിന്റെ ഡയറക്ടർ ഡോ. ഫിലിപ്പ് വാൾടാക്ക് ഇതു സംബന്ധിച്ച് ഒരു സ്റ്റേറ്റുമെന്റ് പുറപ്പെടുവിച്ചു. അവർ എല്ലാ രാജ്യങ്ങൾക്കും ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ അയച്ചു കൊടുത്തിരിക്കുകയാണ്. ആ നിർദ്ദേശത്തിന്റെ ഭാഗമായിട്ടാണ് വ്യാവസായികാടിസ്ഥാനത്തിൽ ലാഭം മാത്രം കണക്കാക്കിയുള്ള ഇത്തരം ഏർപ്പാടുകൾക്ക്, വിദേശ സർവ്വകലാശാലകൾക്ക് ഇവിടെ കേന്ദ്രം അനുവദിക്കുക എന്നുള്ള പ്രഖ്യാപനം മന്ത്രി നടത്തിയിട്ടുള്ളത്. ഏകീകൃത സർവ്വകലാശാല നിയമം വരുന്നതിനുമുമ്പ് കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലേക്കും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ മന്ത്രി തന്നെയല്ലേ ഐ. ടി. യുടെയും ബി. ടി.യുടെയും വിദഗ്ദ്ധർ വേണമെന്ന് പറഞ്ഞ രണ്ട് ആളുകളെ വച്ചത്. എന്തേ ആ ബോധോദയം ഈ പുതിയ നോമിനേഷനിൽ നിങ്ങൾക്കുണ്ടായില്ല? ഇനി ഒരു കൊല്ലത്തേയ്ക്കുള്ള പുതിയ കോഴ്സുകൾ തുടങ്ങുകയല്ലേ? ഐ. ടി., ബി. ടി. വിദഗ്ദ്ധർ സിൻഡിക്കേറ്റിൽ വേണമെന്ന് പറഞ്ഞ് അന്നു നിലവിലുണ്ടായിരുന്ന സിൻഡിക്കേറ്റുകളുടെ ഭൂരിപക്ഷം അട്ടിമറിക്കാൻ വേണ്ടി നോമിനേഷൻ കൊണ്ടുവന്ന ആളുകളോട് ഞങ്ങൾ ചോദിക്കട്ടെ, ഒരു ഐ. ടി. വിദഗദ്ധനെ, ബി.ടി. വിദഗ്ദ്ധനെ നോമിനേറ്റഡ് സിൻഡിക്കേറ്റിൽ വച്ചോ? അന്നു നിങ്ങൾ പറഞ്ഞ ന്യായമെന്താണ്? ഓരോ ഘട്ടത്തിലും ഓരോ ന്യായം പറയുകയല്ലേ? സ്വജനപക്ഷപാതത്തിനുവേണ്ടി കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ സമ്പൂർണ്ണമായും തകർക്കുകയും, പരീക്ഷാ സംവിധാനത്തെ തകർക്കുകയും, ആ മേഖലയിൽ വലതുപക്ഷ നിലപാടുകൾ കൊണ്ടു വരികയും ചെയ്തിട്ടുള്ള ഗുരുതരമായ ഒരു സ്ഥിതിവിശേഷം ആ മേഖലയിൽ ഉണ്ടാക്കിയിരിക്കുന്നു. വിദ്യാർത്ഥികളും അദ്ധ്യാപകരും സർവ്വകലാശാലാ സമൂഹം ഒന്നാകെ ഇതിനെതിരായി ശക്തമായ പ്രഖ്യാപനങ്ങളിലേക്കു പോയ ഒരു പശ്ചാത്തലമുണ്ടായിരുന്നു എന്നുള്ളത് ഈ സഭയുടെയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ശ്രീ. മത്തായി ചാക്കോ ശ്രദ്ധക്ഷണിക്കലിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ ഇന്നലെ രാത്രി പതിനൊന്നര മണിവരെ ചർച്ച ചെയ്തിട്ടുള്ള രണ്ടു ബില്ലിന്റെ ഭാഗമായിട്ടു ചർച്ച ചെയ്ത പോയിന്റുകൾ തന്നെയാണ്. അദ്ദേഹം പറഞ്ഞതിൽ ഒരു തെറ്റിദ്ധാരണയുണ്ടെന്നു എനിക്കു തോന്നുന്നു. എല്ലാ യൂണിവേഴ്സിറ്റികളുടെയും സിൻഡിക്കേറ്റ് പിരിച്ചു വിട്ടിട്ടില്ല. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെയും കേരളാ യൂണിവേഴ്സിറ്റിയുടെയും കാലാവധി കഴിഞ്ഞിട്ടുള്ള സിൻഡിക്കേറ്റുകളെ മാത്രമാണ് പിരിച്ചുവിട്ടത്. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കാലാവധി 2003-ൽ കഴിഞ്ഞു. കേരളാ യൂണിവേഴ്സിറ്റിയുടെ കാലാവധി 2004-ൽ കഴിഞ്ഞു. സെനറ്റിൽ നിന്നും സിൻഡിക്കേറ്റിലേക്ക് വരികയാണ്. സെനറ്റിന്റെ കാലം കഴിഞ്ഞിട്ടും പിന്നെയും ഒന്നര വർഷക്കാലം പിടിച്ചു നിർത്തുന്നതിൽ എന്തർത്ഥമാണുള്ളത്? അവർ ചെയ്തത്

LIBRARY ARCHIVES Kerala Legislative Assembly

ശരിക്കും തെറ്റാണ്, അധാർമ്മികമായ കാര്യമാണ്. സ്വയം രാജി വച്ചു പോകേണ്ടതായിരുന്നു. ഇത്രയും കാലം കഴിഞ്ഞിട്ടും അതിൽ തുടരുന്നതിൽ എന്തർത്ഥമാണുള്ളത്? വളരെ നീതിപൂർവ്വമായ ഒരു കാര്യമാണ് ഗവൺമെന്റ് ചെയ്തിട്ടുള്ളത്. നമ്മളുണ്ടാക്കിയ ആറംഗ സിൻഡിക്കേറ്റിൽ രാഷ്ട്രീയം നോക്കിയിട്ടില്ല. അതിനുള്ള ഏറ്റവും വലിയ തെളിവാണ് ഞാൻ ഇന്നലെ ഇവിടെ പറഞ്ഞ വിദ്യാർത്ഥി പ്രാതിനിധ്യം, എസ്.എഫ്.ഐ.യുടെ യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനെ വച്ചിട്ടാണ് ഞങ്ങൾ റീ കോൺസ്റ്റിറ്റ്യൂട്ടു ചെയ്തത്. അതിൽ രാഷ്ട്രീയമൊന്നുമില്ല. രാഷ്ട്രീയമൊക്കെ പണ്ടുണ്ടായിരുന്നു. ശശികുമാറിന്റേയും സുലേഖയുടെയുമൊക്കെ കാര്യം അങ്ങു പറഞ്ഞല്ലോ. സെനറ്റിലേയ്ക്കു മൽസരിച്ചു തോറ്റ എ. കെ. പി. സി. ടി. എ. യുടെ നേതാവിനെ സിൻഡിക്കേറ്റിലേയ്ക്ക് നോമിനേറ്റു ചെയ്ത പാർട്ടിയാണ് നിങ്ങളുടേത് അതൊക്കെ ശ്രീ. മത്തായി ചാക്കോക്ക് നല്ലതുപോലെ അറിയാം. കാരണം അങ്ങ് കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ അത്രയും സജീവമായി വർക്കു ചെയ്ത ആളാണ്. ഇതിൽ ചെയ്തിട്ടുള്ള ഒരു സംഗതിയെന്നു പറയുന്നത് സെനറ്റിന്റെ കാലാവധി കഴിയുന്നതോടെ co-terminous ആകുകയാണ്. സെനറ്റും പോകുകയാണ്. അതുപോലെ ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം അങ്ങ് അറിഞ്ഞുകാണും വളരെ ശക്തമായ രീതിയിൽ തെരഞ്ഞെടുപ്പ് നടപടികളുണ്ടാകും. ഞങ്ങൾക്ക് പിടിച്ചുനിൽക്കാൻ ഉദ്ദേശ്യമില്ല. ഇന്ന് രാവിലെ കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ വി. സി.-യോട് ചോദിച്ചു. നമ്മൾ അവിടെ നേരത്തെ നോട്ടിഫൈ ചെയ്തല്ലോ. അതുപ്രകാരം ശരിവച്ചു. നമ്മൾ രണ്ടാമത് ഇലക്ഷനിലേക്ക് പോകുന്നില്ല. അദ്ധ്യാപക constituency-യിൽ ഹൈക്കോടതി പറഞ്ഞു അൺ എയിഡഡ് കോളേജുകൾ കൂടി എടുക്കണമെന്ന്. അപ്പോൾ അതിൽ യൂണിവേഴ്സിറ്റി എടുത്ത മാനദണ്ഡം എന്താണെന്ന് അറിയാമോ ? അദ്ധ്യാപകരെ അംഗീകരിക്കുന്ന കാര്യത്തിൽ എയ്ഡഡ് കോളേജിന്റെ മാനദണ്ഡം എന്തൊക്കെയാണോ അതൊക്കെ അൺ-എയിഡഡ് കോളേജിലും ബാധകമാക്കാൻ തീരുമാനിച്ചു. Electoral ലിസ്റ്റ് ഫൈനലൈസ് ചെയ്തു. ഇന്നോ നാളെയോ അത് ഇടാൻ പോകുകയാണ്. ഒരു മാസം സമയമുണ്ട്. അതുകഴിഞ്ഞാൽ ഇലക്ഷൻ പ്രോസസ്സിലേക്ക് പോകും. കേരളാ യൂണിവേഴ്സിറ്റിയുടെ കാര്യം ഇന്ന് രാവിലെ ഞാൻ ചെക്ക് ചെയ്തു. അവരും നോട്ടിഫൈ ചെയ്യാൻ പോകുകയാണ്. ഈ ആഴ്ച നോട്ടിഫിക്കേഷൻ വരും. പണ്ട് എങ്ങനെയായിരുന്നോ സിൻഡിക്കേറ്റ് ആ സിൻഡിക്കേറ്റിൽ graduate constituency ഒഴികെ എന്തൊക്കെയാണോ ഉള്ളത് അതുപോലതന്നെ ഇലക്ഷൻ നടത്തും. അതിനാവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധിയെക്കുറിച്ച് ഇവിടെ പറഞ്ഞു. എന്നാൽ അവിടെ ഒരു പ്രതിസന്ധിയുമില്ല. പരീക്ഷാ ജോലിയെന്ന് പറയുന്നത് നിലവിലുള്ള സിൻഡിക്കേറ്റിൽ നിന്ന് മറ്റൊരാളെ ഇൻസ്പെക്ഷൻ ജോലി ഏൽപ്പിച്ചാൽ പോകുകയില്ല. ഞാൻ ശ്രീ. മത്തായി ചാക്കയോട് ചോദിക്കട്ടെ, നമ്മൾ ഇൻസ്പക്ഷനുവേണ്ടി ഐ. എച്ച്. ആർ. ഡി.-പോലുള്ള സ്ഥാപനങ്ങളിൽ ഫീസ് അടച്ചിട്ട്, എന്റെ നിയോജകമണ്ഡലമായ തിരൂരിൽ കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ഒരു സെന്റർ നോക്കാൻ പറഞ്ഞപ്പോൾ ഇൻസ്പെക്ഷന്

LIBRARY ARCHIVES Kerala Legislative Assembly

പോയില്ല. ആദ്യത്തെക്കൊല്ലം 25,000 രൂപ അടച്ചു. രണ്ടാമത്തെ കൊല്ലം 25,000 രൂപ അടച്ചു, അങ്ങനെചെയ്ത യൂണിവേഴ്സിറ്റികളെപ്പറ്റിയാണ് ആങ്ങ് നല്ലത് പറഞ്ഞത്. യൂണിവേഴ്സിറ്റിയെന്നു പറഞ്ഞാൽ അവർ വചാരിച്ചതുമാതിരി നടക്കുകയാണ്. അത്രനല്ലതായിരുന്നു പഴയത് എന്നൊന്നും പറയുന്നതിൽ അർത്ഥമില്ല. ഏതായാലും ശരി കാര്യങ്ങൾ എങ്ങനെയായിരുന്നാലും ഇനി നേരെയാക്കണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടെ ആളുകളെ എടുത്തതിനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. ഇവിടെ പറഞ്ഞ മറ്റൊരു കാര്യം വിദേശ യൂണിവേഴ്സിറ്റികൾക്ക് പ്രവേശനം കൊടുക്കുന്നുയെന്നായിരുന്നു. അന്ന് നയപരമായ തീരുമാനമെടുത്തിട്ടില്ല. വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗത്തിൽ നമ്മൾ വിദേശ യൂണിവേഴ്സിറ്റിയെ പ്രവേശിപ്പിക്കണമോ വേണ്ടയോ എന്നതിനെ സംബന്ധിച്ച് ഞാൻ ഇപ്പോൾ ഈ സഭയോട് പറയുന്നത് market oriented ആയിട്ടുള്ള ഒരു ചർച്ച നടന്നോട്ടെ എന്നാണ്. കാരണമെന്താണെന്നുവച്ചാൽ ലോകത്തിന്റെ പല ഭാഗത്തും വ്യാപകമായ മാറ്റങ്ങൾ വരികയാണ്. ഇൻഡ്യയുടെ വാതിൽ അധികകാലം അടച്ചിടാൻ പറ്റുകയില്ല. Globalisation യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പ്രതിഫലനമുണ്ടാകാൻ പോകുന്നത് വിദ്യാഭ്യാസ മേഖലയിലാണ്. ഞാൻ ഈയിടെ ഒരു പുസ്തകത്തിൽ വായിച്ചത് ഹോംങ്കോംങ് നഗരത്തിൽ മാത്രം 18 ഇന്റർനാഷണൽ യൂണിവേഴ്സിറ്റികളുടെ കാമ്പസ് ഉണ്ടെന്നാണ്. അതിൽ ചിലത് സ്വതന്ത്രമായി പ്രവർത്തിക്കുന്നു, ചിലത് ലോക്കൽ യൂണിവേഴ്സിറ്റികളുമായി യോജിച്ച് പ്രവർത്തിക്കുന്നു. അങ്ങനെ ലോകത്തിന്റെ എല്ലാ ഭാഗത്തും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ നമുക്ക് വെറുതെ അംഗീകരിക്കാൻ പറ്റുകയില്ല. ഞാൻ അതിന് എതിരാണ്. ഇവിടെ ഫോറിൻ യൂണിവേഴ്സിറ്റിയെ ഇഷ്ടംപോലെ കടത്തിവിടരുതെന്ന വിദ്യാഭ്യാസമന്ത്രിമാരുടെ യോഗത്തിൽ ഞാൻ പറഞ്ഞതാണ്. പക്ഷെ ഫോറിൻ യൂണിവേഴ്സിറ്റി വരേണ്ടതുണ്ടെങ്കിൽ അത് എങ്ങനെയാകണം, ഏതെല്ലാം മേഖലയിൽ ചെയ്യണം, ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ പ്രവേശിക്കാമോ, അല്ലെങ്കിൽ ഷോർട്ട്ലിസ്റ്റ് ചെയ്ത യൂണിവേഴ്സിറ്റിയെ പ്രവേശിപ്പിക്കാമോ എന്നിത്യാദി കാര്യങ്ങളൊക്കെതന്നെ ചർച്ചയ്ക്ക് വരേണ്ടതാണ്. മാത്രവുമല്ല ഈ യൂണിവേഴ്സിറ്റികൾക്ക് market oriented ആയിട്ടുള്ള manpower ആയിരിക്കും അവർക്ക് ആവശ്യം. അവർക്ക് വേറൊന്നും നോക്കേണ്ട കാര്യമില്ല. ഇൻഡ്യയിൽ അങ്ങനെയല്ല. ഇൻഡ്യയിൽ ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ചില മൂല്യങ്ങളുണ്ട്. ഇത്തരം സ്ഥാപനങ്ങളെ കൊണ്ടുവരുന്ന സമയത്ത് വളരെ ശ്രദ്ധിക്കണമെന്നതുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. പക്ഷെ It is a debatable point. കാര്യങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണ് എന്നുമാത്രമേ പറഞ്ഞിട്ടുള്ളു. അല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ല. ഐ. ടി, ബി. ടി. വിദഗ്ദ്ധൻമാരുടെ കാര്യങ്ങൾ പറഞ്ഞു. ഐ. ടി.-യും ബി. ടി.-യും വേണം. ഈ സിൻഡിക്കേറ്റിൽ ഇല്ലന്നേയുള്ളു. പണ്ടത്തെ സിൻഡിക്കേറ്റിൽ ഉണ്ടല്ലോ. അത് ഇനി

LIBRARY ARCHIVES Kerala Legislative Assembly

വരുമല്ലോ. പണ്ടത്തെ നിയമത്തിലുള്ളതൊക്കെ ഇനി വരും. ഇപ്പോൾ താൽക്കാലികമായി ഉണ്ടാക്കിയിട്ടുള്ള ആറംഗ സിൻഡിക്കേറ്റാണ്. ഫുൾ ക്വാറം ഇതിലില്ല. ഇത്രയേ വ്യത്യാസമുള്ളു. അതുകൊണ്ട് ഗവൺമെന്റിന് ഈ കാര്യത്തിൽ യാതൊരു ദുരുദ്ദേശ്യവുമില്ല. കാര്യങ്ങൾ നേരെചെയ്യണം. കാലഹരണപ്പെട്ട ഒരു സിൻഡിക്കേറ്റ് പിരിച്ചുവിട്ട് വ്യവസ്ഥാപിതമായിട്ടുള്ള ഒരു സിൻഡിക്കേറ്റുണ്ടാകണം. ഇതിന് ആറ് മാസമേ ലൈഫ് ഉള്ളു. നിയമപ്രകാരം ആറ് മാസം കഴിഞ്ഞാൽ തുടരാൻ പറ്റുകയില്ല. ആറ് മാസത്തിനുള്ളിൽ തെരഞ്ഞെടുപ്പ് വരുമെന്നാണ് എനിക്ക് പറയുവാനുള്ളത്. അതിൽ യാതൊരു സംശയവും വേണ്ട. യഥാർത്ഥ സമയത്തുതന്നെ ഇലക്ഷൻ നടക്കും. ജനാധിപത്യപരമായ സിൻഡിക്കേറ്റ് പഴയത് എങ്ങനെയാണോ അതുപോലെ പുനഃസ്ഥാപിക്കപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : സർ, അങ്ങ് വിദ്യാഭ്യാസത്തിന്റെ മൂല്യം സംരക്ഷിക്കണമെന്ന് പറഞ്ഞു. നിലവിലുള്ള ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒന്ന് ഒന്നര നൂറ്റാണ്ടുകാലത്തെ കേരളത്തിൽ തുടർച്ചയായിട്ടുള്ള സമരങ്ങളുടെ ഭാഗമായി നിലവിൽ ജനാധിപത്യപരമായിട്ടുള്ള ഉള്ളടക്കം ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ട്. അതുപോലെതന്നെ സാമൂഹ്യനീതിയുടേതായിട്ടുള്ള ഒരു ഉള്ളടക്കമുണ്ട്. ഈ രണ്ട് ഘടകങ്ങളും ഇല്ലാതാകുന്ന രൂപത്തിലേക്കാണ് അങ്ങ് വിദേശ സർവ്വകലാശാലകളാണെങ്കിലും നിങ്ങളെടുക്കുന്ന നിലപാടുകളാണെങ്കിലും ഒരു വിദേശ യൂണിവേഴ്സിറ്റിയുടെ ഒരു കേന്ദ്രം വന്നുകഴിഞ്ഞാൽ അവിടെയുള്ള പ്രവേശനത്തിൽ പിന്നോക്കക്കാർക്കോ/പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കോ സംവരണമുണ്ടാകുമോ? അദ്ധ്യാപക നിയമനത്തിൽ സംവരണമുണ്ടാകുമോ? ഏതെങ്കിലും തരത്തിലുള്ള democratic approach ഉണ്ടാകുമോ? അവിടെ മുഴുവൻ വാതിലുകൾ തുറന്നിട്ടിട്ടുണ്ടെന്ന് പറഞ്ഞിട്ട് കാര്യമില്ല. ലാഭാധിഷ്ഠിതമായിട്ടുള്ള ഒരു നിലപാടായിരിക്കും. താങ്കളുടെ പാർട്ടിക്കുപോലും അംഗീകരിക്കാൻ കഴിയാത്ത രൂപത്തിലുള്ള ലാഭക്കച്ചവടം മാത്രമായി വരും. ഇവിടെ പിന്നോക്ക വിഭാഗത്തിന് സാമൂഹ്യ നീതിയില്ല, പിന്നോക്കസമുദായ സംവരണത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. ഇത്തരം കാര്യങ്ങളൊന്നും പരിഗണിക്കാതെയുള്ള നിലപാട് സ്വീകരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരുടെ കോൺഫറൻസിലും കേരളം സന്ദർശിച്ച പാർലമെന്റ് അംഗങ്ങളുടെ സമിതിക്ക് മുൻപാകെയും ഞാൻ കൊടുത്തിട്ടുള്ള സ്റ്റേറ്റുമെന്റിന്റെ കോപ്പി ശ്രീ. മത്തായി ചാക്കോയ്ക്ക് തരാം. അങ്ങ് പറഞ്ഞിട്ടുള്ള പോയിന്റുകളൊക്കെ ഞാൻ അതിൽ പറഞ്ഞിട്ടുള്ളതാണ്. വിദേശ യൂണിവേഴ്സിറ്റി വരുന്ന സമയത്ത് അതിന്റെ social commitment ഒരു പ്രശ്നമാണ്. ഇൻഡ്യയിൽ ദുർബല വിഭാഗത്തിനും മറ്റും നൽകി വരുന്ന ആനുകൂല്യങ്ങൾ പ്രശ്നമാണ്. അവരുടെ പ്രവേശനത്തിൽ സുതാര്യതയുടെ

പ്രശ്നമുണ്ട്. കുറെ ചർച്ചകൾ ചെയ്തുകൊണ്ട് വേണ്ടത്ര മുൻകരുതലോടുകൂടിയല്ലാതെ ഫോറിൻ യൂണിവേഴ്സിറ്റികൾ ഇൻഡ്യയിൽ വരാൻ പാടില്ലെന്നാണ് ഞാൻ അന്ന് പറഞ്ഞത്. ഞാൻ അങ്ങയുടെ പോയിന്റിനോട് യോജിക്കുകയാണ്. ഗവൺമെന്റിന് ഈ കാര്യത്തിൽ ഭ്രമമൊന്നുമില്ല. വിദേശയൂണിവേഴ്സിറ്റികൾ ഒരു നിയന്ത്രണവുമില്ലാതെ വന്നുകൊള്ളട്ടെയെന്നുള്ള ചിന്തയൊന്നും ഗവൺമെന്റിനില്ല. മാറിയ കാലത്ത് ലോകത്തുവന്നുകൊണ്ടിരിക്കുന്ന മാറ്റത്തിനനുസരിച്ച് പുതിയ തലമുറയ്ക്ക് അതിന്റെ പ്രയോജനങ്ങൾ എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള ചർച്ച വേണമെന്നു മാത്രമേ ഈ ഘട്ടത്തിൽ ചിന്തിച്ചിട്ടുള്ളു. അതിലപ്പുറം ചിന്തിച്ചിട്ടില്ല.

(2) കശുവണ്ടിത്തൊഴിലാളികളുടെ വേതന പരിഷ്ക്കരണം

ശ്രീ. എഴുകോൺ നാരായണൻ : കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന ജീവനക്കാരുടേയും തൊഴിലാളികളുടേയും ശമ്പളം പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത ഈ സർക്കാരിന്റേയും ഈസഭയുടേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇൻഡ്യക്ക് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന കേരളത്തിലെ പരമ്പരാഗത കുത്തക വ്യവസായമായ കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ഭൂരിപക്ഷവും സ്ത്രീത്തൊഴിലാളികളും പാവപ്പെട്ടവരുമാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ വേതനത്തിൽ പണിയെടുക്കുന്നത് കശുവണ്ടിത്തൊഴിലാളികളും ജീവനക്കാരുമാണ്. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി അടിയന്തിരമായി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന ജീവനക്കാരുടെ ശമ്പള കരാറിന്റെ കാലാവധി കഴിഞ്ഞിട്ട് ഏറെക്കാലമായി. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ ഒരു കമ്മിറ്റിയെ വയ്ക്കാനുള്ള നീക്കം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് വളരെയേറെ കാലതാമസമുണ്ടാകുമെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് ഒരു കമ്മിറ്റിയെ വയ്ക്കാനുള്ള തീരുമാനമുണ്ടാക്കിയാൽ തൊഴിലാളികളെ സംബന്ധിച്ച് അടുത്ത രണ്ട് മൂന്ന് വർഷംകൂടി നിലവിലുള്ള കുറഞ്ഞ കൂലിക്ക് തൊഴിലാളികൾ ജോലി ചെയ്യേണ്ടിവരും. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവും, ജീവിതസൂചികയിലുണ്ടായ മാറ്റവും നമുക്കറിയാവുന്ന കാര്യങ്ങളാണ്. കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന പാവപ്പെട്ട പട്ടിണിത്തൊഴിലാളികളുടെ പ്രാരാബ്ധങ്ങളും ബുദ്ധിമുട്ടുകളുമെല്ലാം അറിയാവുന്ന വസ്തുതയാണ്. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി നോട്ടിഫിക്കേഷനിലൂടെ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഒരു കമ്മിറ്റിയെ വച്ചുകൊണ്ടുമാത്രമേ കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി നിശ്ചയിക്കുകയുള്ളുയെങ്കിൽ ആറ് മാസത്തിനുള്ളിൽ സമയബന്ധിതമായി റിപ്പോർട്ട് നൽകണമെന്ന നിബന്ധനയോടെ കമ്മിറ്റിയെ വയ്ക്കാൻ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കാലതാമസമൊഴിവാക്കി കശുവണ്ടി

LIBRARY ARCHIVES Kerala Legislative Assembly